**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3545** **08-10-2025 - ൽ മറുപടിയ്ക്ക്**

**പാറശാല നിയോജക മണ്ഡലത്തിലെ പട്ടയ വിതരണം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ സി കെ ഹരീന്ദ്രൻ</td><td colspan="2">ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും പാറശാല നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകി എന്ന വിവരം വില്ലേജ്, പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;</td><td>(എ)</td><td>അനുബന്ധം 1 -യി ചുവടെ ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>പാറശാല മണ്ഡലത്തിൽ പട്ടയത്തിന് വേണ്ടി ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ;</td><td>(ബി)</td><td>
<table>
<tr><th>വില്ലേജ്</th><th>പഞ്ചായത്ത്</th><th>പട്ടയ അപേക്ഷകൾ</th></tr>
<tr><td>അമ്പൂരി</td><td>അമ്പൂരി</td><td>291</td></tr>
<tr><td>കള്ളിക്കാട്</td><td>കള്ളിക്കാട്</td><td>125</td></tr>
<tr><td>വാഴിച്ചൽ</td><td>അമ്പൂരി</td><td>321</td></tr>
<tr><td>വാഴിച്ചൽ</td><td>കള്ളിക്കാട്</td><td>366</td></tr>
<tr><td>കീഴാറൂർ</td><td>ആര്യൻകോട്</td><td>26</td></tr>
<tr><td>ഒറ്റശേഖരമംഗലം</td><td>ഒറ്റശേഖരമംഗലം</td><td>21</td></tr>
<tr><td>വെള്ളറട</td><td>വെള്ളറട</td><td>282</td></tr>
<tr><td>പരശുവയ്ക്കൽ</td><td>പാറശാല</td><td>140</td></tr>
<tr><td>പാറശ്ശാല</td><td>പാറശ്ശാല</td><td>36</td></tr>
<tr><td>പൊരുങ്കടവിള</td><td>പെരുങ്കടവിള</td><td>20</td></tr>
<tr><td>കുന്നത്തുകാൽ</td><td>കുന്നത്തുകാൽ</td><td>112</td></tr>
<tr><td>കൊല്ലയിൽ</td><td>കൊല്ലയിൽ</td><td>127</td></tr>
<tr><td>ആനാവൂർ</td><td>ആനാവൂർ</td><td>9</td></tr>
</table>
</td></tr>
</table>

| | | | |
|---|---|---|---|
| | | | വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ അഞ്ചുചങ്ങല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 16.04.2025 ലെ സ.ഉ (കൈ) നം. 99/2025/RD നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്തെ കൈവശക്കാരുടെ ഭൂമി സർവ്വേ ചെയ്യുന്നതിന് ഒരു ടീമിനെ നിയമിച്ച് അടിയന്തിരമായി സർവ്വേ നടപടികൾ പൂർത്തിയാക്കി ലിസ്റ്റ് സമർപ്പിക്കുന്നതിന് ജില്ലാ സർവ്വേ സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുള്ളതും സർവ്വേ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കുന്നതുമാണ്. പഞ്ചായത്തുകളുടെ അധീനതയിൽ കുളം/തോട്/റോഡ്/വഴി പുറമ്പോക്കുകളിൽപ്പെട്ടു വരുന്ന അപേക്ഷകൾ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട് |
| (സി) | വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ; | (സി) | 16.04.2025 ലെ റവന്യൂ (യു) വകുപ്പിന്റെ സ.ഉ (കൈ) നം. 99/2025/റവ നമ്പർ പ്രകാരം തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ കള്ളിക്കാട്, വാഴിച്ചൽ, അമ്പൂരി വില്ലേജ് പരിധിയിൽ ഉൾപ്പെട്ടു വരുന്ന അഞ്ചുചങ്ങല പ്രദേശത്ത് വർഷങ്ങളായി ഭൂമി കൈവശം വച്ച് വീട് വച്ച് താമസിച്ച് വരുന്നവർക്ക് പട്ടയം നൽകുന്നതിനായി പ്രസ്തുത പ്രദേശം സർവ്വെ നടത്തി ആയതിന്റെ സ്റ്റാറ്റസ് സംബന്ധിച്ച് BTR ൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്തെ കൈവശക്കാരുടെ ഭൂമി സർവ്വേ ചെയ്യുന്നതിന് ഒരു ടീമിനെ നിയമിച്ച് അടിയന്തിരമായി സർവ്വെ നടപടികൾ പൂർത്തിയാക്കി ലിസ്റ്റ് സമർപ്പിക്കുന്നതിന് ജില്ലാ സർവ്വേ സൂപ്രണ്ടിന് തിരുവനന്തപുരം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br><br>ഈ പ്രദേശത്ത് പട്ടയം നൽകുന്ന വിഷയം ചർച്ച ചെയ്യാൻ എം. എൽ. എ യുടെ സാന്നിധ്യത്തിൽ വനം-റവന്യൂ-ജലവിഭവമന്ത്രിമാർ യോഗം ചേർന്നിരുന്നു. പുതുതായി ചെയ്യുന്ന നിർമ്മാണങ്ങൾക്ക് മാത്രമാണ് അണക്കെട്ടിന്റെ ബഫർസോൺ ബാധകമാവുകയുള്ളുയെന്നും, ആയതിനാൽ നിലവിൽ വീട് വെച്ച് താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് തടസ്സമില്ലെന്നും തീരുമാനിച്ചിരുന്നു. എന്നാൽ നിലവിൽ എം. എഫ്. എൽ സംബന്ധിച്ചും, അതിർത്തികല്ലുകൾ സ്ഥാപിക്കുന്നതു സംബന്ധിച്ചും ചില തടസ്സവാദങ്ങൾ ജലവിഭവവകുപ്പ് ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും | (ഡി) | മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. പട്ടയ മിഷന്റെ |

| | | | |
|---|---|---|---|
| | വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | പ്രവർത്തനങ്ങളുടെ ഭാഗമായി അർഹരായ എല്ലാവർക്കും പട്ടയം അനുവദിക്കുന്നതിനുള്ള നടപടികളും താലൂക്ക്/ജില്ലാ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| | വില്ലേജ് | പഞ്ചായത്ത് | എൽ.എ പട്ടയങ്ങൾ | എൽ.റ്റി പട്ടയങ്ങൾ | കൈവശരേഖ |
|---|---|---|---|---|---|
| 2016-2021 | അമ്പൂരി | അമ്പൂരി | 7 | - | 1 |
| | കള്ളിക്കാട് | കള്ളിക്കാട് | 47 | - | - |
| | വാഴിച്ചൽ | അമ്പൂരി | 5 | - | - |
| | വാഴിച്ചൽ | കള്ളിക്കാട് | 3 | - | - |
| | കീഴാറ്റൂർ | ആര്യൻകോട് | 19 | - | - |
| | ഒറ്റശേഖരമംഗലം | ഒറ്റശേഖരമംഗലം | 3 | - | 1 |
| | വെള്ളറട | വെള്ളറട | 90 | - | - |
| | പരശുവയ്ക്കൽ | പാറശ്ശാല | 38 | - | |
| | പാറശ്ശാല | പാറശ്ശാല | 9 | - | |
| | പെരുങ്കടവിള | പെരുങ്കടവിള | 3 | - | 1 |
| | കുന്നത്തുകാൽ | കുന്നത്തുകാൽ | 11 | - | - |
| | കൊല്ലയിൽ | കൊല്ലയിൽ | 22 | - | 1 |
| | ആനാവൂർ | ആനാവൂർ | 7 | - | - |

| | വില്ലേജ് | പഞ്ചായത്ത് | എൽ.എ പട്ടയങ്ങൾ | എൽ.റ്റി പട്ടയങ്ങൾ | കൈവശരേഖ |
|---|---|---|---|---|---|
| 2021 ... | അമ്പൂരി | അമ്പൂരി | 21 | - | |
| | കള്ളിക്കാട് | കള്ളിക്കാട് | 92 | 2 | 1 |
| | വാഴിച്ചൽ | അമ്പൂരി | 11 | 1 | - |
| | വാഴിച്ചൽ | കള്ളിക്കാട് | 5 | - | - |
| | കീഴാറ്റൂർ | ആര്യൻകോട് | 34 | 2 | - |
| | ഒറ്റശേഖരമംഗലം | ഒറ്റശേഖരമംഗലം | 65 | 3 | - |
| | വെള്ളറട | വെള്ളറട | 69 | - | - |
| | പരശുവയ്ക്കൽ | പാറശ്ശാല | 36 | - | |
| | പാറശ്ശാല | പാറശ്ശാല | 4 | - | 1 |
| | പെരുങ്കടവിള | പെരുങ്കടവിള | 8 | - | - |
| | കുന്നത്തുകാൽ | കുന്നത്തുകാൽ | 99 | - | - |
| | കൊല്ലയിൽ | കൊല്ലയിൽ | 16 | - | - |